പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4481 26/06/2014 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## കേരള ലാൻഡ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനം

ചോദ്യം

ശ്രീ. വി. ശശി

(എ) കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ (കെ.എൽ.ഐ.എം)- ന്റെ പ്രവർത്തനം സംബന്ധിച്ച് സി.എ.ജി. റിപ്പോർട്ടിലെ വിശദാംശം വെളിപ്പെടുത്തുമോ;

മറുപടി

ശ്രീ. അടൂർ പ്രകാശ്.
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) ഭൂമി കേരളം പദ്ധതി സംബന്ധിച്ച് ഒക്ടോബർ 2008 മുതൽ മാർച്ച് 2013 വരെയുള്ള കാലാവധിയാണ് ആഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്. ആദിവാസികളുടെ കൈവശമുള്ള ഭൂമിയുൾപ്പെടെ സംസ്ഥാനത്ത് റീസർവ്വേ സമയബന്ധിതമായി പൂർത്തീകരിച്ചോ എന്നത് സംബന്ധിച്ചും എൻ.എൽ.ആർ.എം.പി. പദ്ധതിയുടെ ഭാഗമായുള്ള റീസർവ്വേ, ഹാരിസൺ മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള ഭൂമിയുടെ റീസർവ്വേ എന്നിവയും ആഡിറ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയുണ്ടായി. കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ സ്റ്റേറ്റ് പ്രോജക്ട് ഓഫീസുകളിലെയും, സർവ്വേ & ലാന്റ് റിക്കാർഡ്സ് ഡയറക്ടറേറ്റിലെയും, സെക്രട്ടേറിയറ്റിൽ റവന്യൂ വകുപ്പിലെയും രേഖകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

സംസ്ഥാനത്ത് ഹൈബ്രിഡ് ടെക്നോളജി ഉപയോഗിച്ചുള്ള ഭൂമിയുടെ റിസർവ്വേ, ലക്ഷ്യം വച്ചിരുന്ന വില്ലേജുകളിലെ പൂർത്തീകരണം, ആക്ഷൻ പ്ലാനിന്റെ അഭാവം, മാനദണ്ഡങ്ങളുടെ അഭാവത്തിലുള്ള സർവ്വേ ജീവനക്കാരുടെ പുനർ വിന്യാസം, ഹാരിസൺ മലയാളം കമ്പനിയുടെ കൈവശത്തിലുള്ള ഭൂമിയുടെ റീസർവ്വേ, എൻ.എൽ.ആർ.എം.പി. പദ്ധതിയുടെ ഭാഗമായുള്ള ഫണ്ട് വിനിയോഗത്തിലെ പോരായ്മകൾ, കേരള ലാന്റ് ഇൻഫർമേഷൻ മിഷനെ ഏൽപ്പിച്ച മറ്റു റീസർവ്വേ പ്രവർത്തനങ്ങൾ, കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനങ്ങളിലുണ്ടായ പോരായ്മകൾ എന്നിവ സംബന്ധിച്ചാണ് സി.& എ.ജി റിപ്പോർട്ടിൽ പരാമർശമുള്ളത്.

| | |
|---|---|
| (ബി) കെ.എൽ.ഐ.എം. രൂപീകരിച്ചത് എന്ത് ലക്ഷ്യം നേടുന്നതിനായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; ഈ സ്ഥാപനം കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനം വഴി ഏതെല്ലാം രൂപീകരണ ലക്ഷ്യങ്ങൾ നേടിയെടുത്തുവെന്ന് വിവരിക്കുമോ; | (ബി) സംസ്ഥാനത്തെ റീസർവ്വേ മൂന്ന് വർഷം കൊണ്ട് പൂർത്തിയാക്കുക, സർക്കാർ ഭൂമിയുടെ റിക്കാർഡുകളുടെ നാളതീകരണം, ആദിവാസികൾക്ക് അനുവദിക്കുന്നതിനായുള്ള 27,000 ഹെക്ർ ഭൂമിയുടെ സർവ്വേ രേഖകൾ തയ്യാറാക്കുക, കേന്ദ്ര പദ്ധതിയായ എൻ.എൽ.ആർ.എം.പി. യുടെ ഭാഗമായി തിരുവനന്തപുരം താലൂക്കിലെ 31 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കുക, ഹാരിസൺ മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള സ്ഥലത്തിന്റെ റീസർവ്വേ പൂർത്തിയാക്കി കമ്പനി അനധികൃതമായി അധിക ഭൂമി കൈവശം വച്ചിട്ടുണ്ടെങ്കിൽ കണ്ടെത്തുക, പ്രത്യേക പദ്ധതികൾ പ്രകാരം പൊതു ആവശ്യത്തിന് ഏറ്റെടുക്കുന്ന ഭൂമിയുടെ സർവ്വേ നടപടികൾ സർക്കാർ സമയാസമയം നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൂർത്തിയാക്കുക എന്നിവയാണ് കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ രൂപീകരണ ലക്ഷ്യങ്ങൾ.<br><br>രൂപീകരണ ലക്ഷ്യങ്ങൾ പൂർണ്ണമായി നേടിയെടുക്കുന്നതിന് സാധിച്ചില്ല എങ്കിലും നൂതന സാങ്കേതിക വിദ്യകളായ ഡി.ജി.പി.എസ്, ഇ.ടി.എസ്. എന്നിവ സംയോജിപ്പിച്ചു കൊണ്ട് നടത്തേണ്ട സർവ്വേയ്ക്കായി നൂതന സർവ്വേയുടെ എല്ലാ തലങ്ങളും ഉൾക്കൊള്ളുന്നതായ ഒരു മോഡേൺ സർവ്വേ മാനുവൽ രൂപപ്പെടുത്തുവാനും ടി മാനുവൽ അവലംബിച്ച് സർവെയും ഭൂരേഖയും വകുപ്പിന് കീഴിൽ ഏറ്റെടുത്ത 8 വില്ലേജുകളിൽ ഏഴെണ്ണം ജിയോ കോർഡിനേറ്റിൽ അധിഷ്ഠിതമായി സർവ്വേ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറുന്നതിനും സാധിച്ചിട്ടുണ്ട്. അക്ഷാംശ രേഖകളിൽ അധിഷ്ഠിതവും അത്യന്തം കൃത്യതയുമാർന്ന സർവ്വെ റിക്കാർഡുകൾ WGS84 എന്ന കോഓർഡിനേറ്റിൽ നിർമ്മിക്കുവാനായി ഗ്രൗണ്ട് കൺട്രോൾ പോയിന്റുകൾ (GCP) സംസ്ഥാനത്തുടനീളം DGPS എന്ന സാറ്റലൈറ്റ് അധിഷ്ഠിത ഉപകരണം മുഖാന്തിരം മിഷൻ സ്ഥാപിച്ചു വരുന്നു. ഇതുവരെ 3634 GCP പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>സർക്കാർ ഭൂമികളുടെ സംരക്ഷണവും നാളതീകരണവും എന്ന ലക്ഷ്യം |

പൂർത്തീകരിക്കുന്നതിലേയ്ക്കായി

എൻ.എൽ.ആർ.എം.പി. പദ്ധതിയുടെ ഭാഗമായി ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം സാധ്യമാക്കുന്നതിനായി സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ (CDC) സ്ഥാപിക്കുകയും റീസർവ്വേ കഴിഞ്ഞ് റവന്യൂ ഭരണത്തിന് കൈമാറിയ ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം ജി.ഐ.എസ്. സോഫ്റ്റ്‌വെയറിന്റെ സഹായത്താൽ നടത്തി വരികയും ചെയ്യുന്നു. ഗവൺമെന്റ് പ്രോജക്ടുകൾക്കുള്ള സ്ഥലമെടുപ്പ്, സർക്കാർ ഭൂമികളുടെ സ്ഥിതി വിവര കണക്കുകൾ എടുക്കുക, ഭൂമിയുടെ ഉപയോഗം സംബന്ധിച്ച കണക്കെടുപ്പ്, വില്ലേജുകളുടെ താലൂക്ക്, ജില്ലാ ബൗണ്ടറികൾ എന്നിവയുടെ യഥാർത്ഥ സ്ഥാനം കണ്ടെത്തുക എന്നിവയുൾപ്പെടെ ഭൂമിയുമായി ബന്ധപ്പെട്ട ഏത് ആവശ്യത്തിന്റെയും വിവര ശേഖരണം ലക്ഷ്യം വയ്ക്കുന്ന എൽ.ഐ.എസ് പദ്ധതിയിലൂടെ 50,614 എണ്ണം എഫ്.എം.ബി. സ്കാനിംഗ് നടത്തുവാൻ സാധിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും CDC യുടെ സബ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് വേണ്ടി നടത്തിയ സർവെ പ്രവർത്തനങ്ങളിൽ വിവിധ ജില്ലകളിലായി ഇതുവരെ 18,612 ഹെക്ടർ ഭൂമി മിഷൻ സർവെ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം താലൂക്കിലെ 31 വില്ലേജുകളുടെ സർവെ പൂർത്തീകരണം സാറ്റലൈറ്റ് സാങ്കേതിക വിദ്യ അവലംബിച്ച് നടപ്പാക്കുവാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും ആയത് സംസ്ഥാനത്തെ ഭൂപ്രകൃതിയ്ക്ക് അനുയോജ്യമല്ല എന്നു കണ്ടതിനാൽ ഗ്രൗണ്ട് സർവെ അവലംബിച്ച് നടപ്പിലാക്കുന്നതിലേയ്ക്കായി മിഷൻ നടത്തിയ പ്രാരംഭ പ്രവർത്തനങ്ങളായ ഡിജിറ്റൈസേഷൻ, ജി.സി.പി. പോയിന്റുകളുടെ സ്ഥാപനം എന്നിവ ടി സർവെ ജോലികൾക്ക് ഉപയോഗിച്ചു വരുന്നു.

ഹാരിസൺ മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് കമ്പനിയുടെ കീഴിലുള്ള ഭൂമിയുടെ സർവെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൊല്ലം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളുടെ ഒറിജിനൽ ലിത്തോ മാപ്പുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഗവൺമെന്റ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതിയുടെ ഭാഗമായി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, നാഷണൽ റൂറൽ ഹെൽത്ത്

മിഷൻ, പോലീസ് വകുപ്പ്, മൈനിംഗ് വകുപ്പ് എന്നിവയ്ക്കായി വിവിധ സർവെ പ്രവർത്തനങ്ങൾ മിഷൻ നടത്തിയിട്ടുണ്ട്. കൂടാതെ റീസർവ്വേയ്ക്ക് മുമ്പുള്ളതും പുരാരേഖകളുടെ ഗണത്തിൽ വരുന്നതുമായ സർവെ രേഖകളുടെ സംരക്ഷണവും ഡിജിറ്റൈസേഷനും, അവ ഓൺലൈൻ മുഖാന്തിരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ലക്ഷ്യം വച്ചുള്ള ഇ-രേഖ പദ്ധതി, മോഡേൺ റെക്കാർഡ് റൂമുകളുടെ സജ്ജീകരണം, ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകളുടെ നിർമ്മാണം എന്നിവയും മിഷൻ നടപ്പിലാക്കി വരുന്നു.

(സി) കെ.എൽ.ഐ.എം. റീസർവ്വേ നടപടികൾ ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദീകരിക്കുമോ?

(സി) കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ റീസർവ്വേ നടപടികൾ ഉപേക്ഷിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ